പതിമൂന്നാം കേരള നിയമ സഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1160 13.06.2013 ൽ മറുപടിയ്ക്ക്

## കേരള ലീഗൽ മെട്രോളജി റൂൾസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.റ്റി.എൻ. പ്രതാപൻ<br>ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കേരള ലീഗൽ മെട്രോളജി റൂൾസ് നടപ്പിലാക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) 2009 ലെ ലീഗൽ മെട്രോളജി ആക്ടിലെ 53- ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് 2012 ലെ കേരള ലീഗൽ മെട്രോളജി (എൻഫോഴ്സ്മെന്റ് )ചട്ടങ്ങൾ 17.08.2012 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (ബി) 2009 ലെ ലീഗൽ മെട്രോളജി ആക്ടിലെയും അതിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളുടേയും നടപ്പാക്കലിനു വേണ്ടിയാണ് പ്രസ്തുത എൻഫോഴ്സ്മെന്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) പദ്ധതിയുമായി ബന്ധപ്പെട്ട ഏജൻസികൾ ഏതെല്ലാമാണ് ; | (സി) ലീഗൽ മെട്രോളജി വകുപ്പിലെ എൻഫോഴ്സ്മെന്റ് ഓഫീസർമാരാണ് പ്രസ്തുത ചട്ടങ്ങൾ നടപ്പിലാക്കുന്നത്. മറ്റ് ഏജൻസികൾ ഇല്ല. |
| (ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഡി) 17.08.2012 മുതൽ 2012 ലെ എൻഫോഴ്സ്മെന്റ് റൂളിലെ വ്യവസ്ഥകൾ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ